മേജർ ആർച്ചുബിഷപ്പിനും
മേജർ ആർച്ചുബിഷപ്പിന്റെ വികാരിയ്ക്കും
എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികർക്കും സന്ന്യസ്തർക്കും
അല്മായവിശ്വാസികൾക്കുമായി എഴുതുന്നത്

മാനവരക്ഷയ്ക്കുവേണ്ടി, പിതാവായ ദൈവത്തിന്റെ ഹിതപ്രകാരം കയ്പുനിറഞ്ഞ കാസയിൽനിന്നു പാനം ചെയ്തുകൊണ്ട് സഹനത്തിന്റെയും അപമാനത്തിന്റെയും പാത പിഞ്ചെന്ന നമ്മുടെ കർത്താവീശോയെ കൂടുതൽ ആത്മാർത്ഥതയോടും ഉത്തരവാദിത്വത്തോടുംകൂടി അനുഗമിക്കാൻ ഈസ്റ്റർ ഒരുക്കത്തിന്റെ ഈ വിശുദ്ധകാലം നമ്മെ ക്ഷണിക്കുന്നു.

ദൈവികഉടമ്പടിയുടെ പൂർണ്ണതയിലേക്ക് മനുഷ്യൻ നടന്നടുക്കുവാൻവേണ്ടി എല്ലാവിധ മാനുഷിക അവകാശവാദങ്ങളിൽനിന്നും - നേട്ടം, ജീവിതവിജയം, മെശയാനികമഹത്ത്വം ഇവയിൽനിന്നെല്ലാം - ക്രിസ്തു പിന്മാറി. എളിമയും ലാളിത്യവും നിറഞ്ഞ സ്നേഹംകൊണ്ട് അവൻ വിജയശ്രീലാളിതനായി: കുരിശുമരത്തിൽവച്ച് സകലവും അവനിൽനിന്ന് ഉരിഞ്ഞെടുക്കപ്പെട്ടെങ്കിലും സർവ്വപ്രധാനമായ ഒന്നുമാത്രം ആർക്കും അവനിൽനിന്ന് കവർന്നെടുക്കാനായില്ല - പിതാവുമായുള്ള അവന്റെ ബന്ധം. പിതാവിന്റെ മറുപടിയാണ് പാപത്തിന്മേലും മരണത്തിന്മേലുമുള്ള ഈശോയുടെ വിജയാഘോഷമായ ഈസ്റ്റർപുലരി. വിവിധ ആരാധനക്രമപാരമ്പര്യങ്ങളിൽ ആലപിക്കുന്ന "ഹല്ലേലൂയാ" ആർക്കെങ്കിലുമോ എന്തിനെങ്കിലുമോ എതിരേയല്ല, മറിച്ച് ക്രിസ്തുവിനോടൊപ്പം ഉയിർപ്പിക്കപ്പെട്ട മനുഷ്യരാശി പരിശുദ്ധ ത്രിത്വത്തിന് ഉയർത്തുന്ന സ്തുതിയുടെയും കൂട്ടായ്മയുടെയും കീർത്തനമാണ്.

ഒരു സഭയെന്ന നിലയിൽ നാമെല്ലാവരും - മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ, അല്മായ വിശ്വാസികൾ - നാം ആഘോഷിക്കുന്ന ദിവ്യരഹസ്യത്തിന്റെ അന്ത:സത്ത മറക്കാൻ പലപ്പോഴും പ്രലോഭിതരാകുന്നു. ഈശോയെക്കുറിച്ച് നാമേറെ സംസാരിക്കാറുണ്ട്; താത്ത്വികമായി നമുക്കവിടുത്തെക്കുറിച്ച് പലതും അറിയുകയും ചെയ്യാം. എന്നിരുന്നാലും, നാം  ഈശോയോടൊപ്പവും  ഈശോയെപ്പോലെയും ജീവിക്കേണ്ടതുണ്ട്,  അവിടുത്തെപ്പോലെ അപമാനത്തിന്റെയും കുരിശിന്റെയും പാത സ്വീകരിക്കേണ്ടതുണ്ട്. നമുക്ക് വിഘടിച്ച് ജീവിക്കാനാവില്ല. ഭിന്നിപ്പ് നാം സൃഷ്ടിക്കാൻ പാടില്ല, നാംതന്നെ ഉതപ്പിന്റെ കാരണക്കാരായിത്തീരാനും പാടില്ല.

നിങ്ങളുടെ സഭയുടെ ആരാധനക്രമകാര്യങ്ങൾ നിർണ്ണയിക്കാൻ പരമോന്നതാധികാരമുള്ള സീറോ മലബാർയുടെ മെത്രാൻസിനഡ്, പരിശുദ്ധ കുർബാനയുടെ പരിഷ്കരിച്ച പ്രാർത്ഥനാക്രമംമാത്രമല്ല അവയുടെ അർപ്പണരീതിയും - കുറച്ചു വർഷങ്ങൾക്കു മുമ്പ് തീരുമാനിച്ചപ്രകാരമുള്ളത് - നിഷ്കർഷിക്കുകയുണ്ടായി. നിങ്ങളുടെ സഭയിൽ വിവിധ സ്ഥലസാഹചര്യങ്ങളിൽ നിലനിന്നിരുന്ന വ്യത്യസ്ത അർപ്പണരീതികൾ മനസിലാക്കിക്കൊണ്ടുതന്നെ അവരവരുടെ അർപ്പണരീതിയിൽനിന്ന് ഒരു ചുവട് പിന്നോട്ടുവയ്ക്കുവാൻ സിനഡ് എല്ലാവരോടും ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ ഓരോരുത്തരും തങ്ങളുടെ സ്വന്തം പ്രത്യേകതയായി കരുതിയിരുന്ന അർപ്പണരീതി ത്യജിച്ച്, സ്നേഹത്തെയും ഉപരിസാക്ഷ്യത്തെയുംപ്രതി സഭാകൂട്ടായ്മയുടെ ഒരു അടയാളം  പ്രകടമാക്കാൻവേണ്ടിയായിരുന്നു അത്.

പരിഷ്കരിച്ച കുർബാനക്രമം അർപ്പിച്ചു തുടങ്ങാൻ തീരുമാനിച്ച 2021 നവംബർ 28-ാം തീയതി 34 രൂപതകൾ സിനഡുതീരുമാനം നടപ്പിലാക്കാൻ സന്നദ്ധരായി. എന്നാൽ ഖേദകരം എന്നു പറയട്ടെ, നിങ്ങളുടെ കാര്യത്തിൽ അതുണ്ടായില്ല. സൂക്ഷ്മമായ വിചിന്തനത്തിനുശേഷവും, സീറോ മലബാർ സഭയുടെ കൂട്ടായ്മയിൽനിന്ന് ഒറ്റപ്പെട്ടുമാറി, നിങ്ങളുടെ പ്രത്യേക അർപ്പണരീതിതന്നെ തുടരാൻ നിങ്ങൾ തീരുമാനിച്ചു. ക്രൈസ്തവ വിശ്വാസികൾ എന്ന നിലയിൽ നമ്മുടെ പ്രവർത്തനരീതിയെക്കുറിച്ച് സ്വയം ചിന്തിക്കുന്നത്

നന്നായിരിക്കും: നാം എങ്ങനെയാണ് നമ്മുടെ വിയോജിപ്പുകൾ പ്രകടമാക്കുന്നത്, എങ്ങനെയാണ് പ്രയാസങ്ങളും താഴ്ത്തപ്പെടലുകളും നാം സ്വീകരിക്കുന്നത്, എങ്ങനെയാണ് നമ്മുടെ ഇഷ്ടങ്ങളിൽനിന്ന് നാം പിൻവാങ്ങാറുള്ളത്. ഇത്, മാനുഷിക മാനദണ്ഡമനുരിച്ചുള്ള ജയപരാജയങ്ങൾക്ക് അനുസൃതമാവരുത്, ഒരു ഗ്രൂപ്പിനെതിരെ മറ്റൊന്ന് എന്ന വിധത്തിലും ആവരുത്; മറിച്ച്,  കർത്താവിലേയ്ക്ക് നോക്കികൊണ്ടാവണം. അവിടുത്തെ പെസഹാരഹസ്യം ആഘോഷിച്ചുകൊണ്ടുമാത്രമല്ല അവിടുത്തെ പീഡാസഹനത്തിൽ ആരംഭിച്ച് അവനോടൊപ്പം അത് ജീവിക്കാൻ സന്നദ്ധരായിക്കൊണ്ടാവണം.

അതിനാൽ, സിനഡു തീരുമാനപ്രകാരമുള്ള കുർബാനയർപ്പണരീതി 2022 ഈസ്റ്ററിനു മുമ്പായി കൃത്യമായി നടപ്പാക്കാൻ പിതൃവാത്സല്യത്തോടെ നിങ്ങളെ ഉദ്ബോധിപ്പിക്കാനാണ് ഞാനിത് എഴുതുന്നത്. വന്നിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ എല്ലാവരെയും തയ്യാറാക്കുന്നതിനായി, മറ്റു ചില സ്ഥലങ്ങളിൽ ചെയ്തതുപോലെ, വിപുലമായ ബോധനത്തിന് കൂടുതൽ സമയം ചില ഇടവകകൾക്ക് ആവശ്യമായി വന്നേക്കാം. സിനഡിന്റെ തീരുമാനത്തെ മറിക്കടക്കാനല്ലെങ്കിൽ ഈ സാധ്യത മനസിലാക്കാവുന്നതാണ്. സഭാനിയമം അനുവദിക്കുന്നതുപോലെ, ഇതിനാവശ്യമായ ഒഴിവ് അതിരൂപതയുടെ അദ്ധ്യക്ഷനായ മേജർ ആർച്ചുബിഷപ്പിനോടോ,  അദ്ദേഹത്തിന്റെ അനുവാദത്തോടെ അദ്ദേഹത്തിന്റെ വികാരിയോടോ ചോദിക്കാവുന്നതാണ്. പൗരസ്ത്യ കാനൻ നിയമം അനുശാസിക്കുന്നതുപ്രകാരം നിശ്ചിതകാലത്തേയ്ക്കു മാത്രമാവും ഈ ഒഴിവ് അനുവദിക്കുക.

പ്രയാസമുള്ളതും വേദനാജനകവുമായ ഒരു ചുവടുവയ്ക്കാനാണ് ഞാൻ നിങ്ങളോടാവശ്യപ്പെടുന്നതെന്ന് എനിക്ക് ബോധ്യമുണ്ട്. കർത്താവിന്റെ സ്വരം ശ്രവിക്കാനും മാർപാപ്പയുടെ ഉപദേശത്തിലും അഭ്യർത്ഥനയിലും വിശ്വാസമർപ്പിക്കാനും തയ്യാറുള്ള വൈദികരുടെയും അല്മായ വിശ്വാസികളുടെയും നല്ല മാതൃകകൾ നിങ്ങളുടെ അതിരൂപതയിൽ ഉണ്ടാവുമെന്ന് എനിക്കുറപ്പുണ്ട്. ഇത് സീറോ മലബാർ സഭയുടെ നൂറ്റാണ്ടുകളായുള്ള സ്വഭാവസവിശേഷതയാണ്. ചരിത്രത്തിന്റെ ഗതിവിഗതികളിൽ സംഭവിച്ച നിവരധി തെറ്റിദ്ധാരണകളെ മറികടക്കാൻ നിങ്ങളുടെ വിശ്വസ്തത നിങ്ങളെ സഹായിച്ചിട്ടുണ്ട്. ഇന്നാകട്ടെ നിങ്ങളിൽ ദൈവവിളിയും മിഷൻ തീക്ഷ്ണതയും വളർത്താൻ സഹായിക്കുന്നതും അതുതന്നെയാണ്. നിങ്ങൾ ചെയ്യുന്ന ത്യാഗം കർത്താവ് വിസ്മരിക്കില്ല; ഒടുവിൽ, അവിടുത്തെ അനുഗ്രഹങ്ങളുടെ സമൃദ്ധിയിലേക്ക് നിങ്ങളുടെ ഹൃദയങ്ങൾ തുറക്കപ്പെടും. അങ്ങനെ സങ്കീർത്തനവചനങ്ങൾ നിങ്ങളിൽ പൂർത്തിയാകും : "വിത്തു ചുമന്നുകൊണ്ടു വിലാപത്തോടെ വിതയ്ക്കാൻ പോകുന്നവൻ കറ്റ ചുമന്നുകൊണ്ട് ആഹ്ളാദത്തോടെ വീട്ടിലേക്കു മടങ്ങും" (സങ്കീ 126:6). കർത്താവിനോടൊപ്പം വിതച്ചാൽ അവനോടൊപ്പം നമുക്കു കൊയ്യാം. കാറ്റു വിതച്ചാൽ നാം കൊടുങ്കാറ്റാവും കൊയ്യുക: നിങ്ങളായിരിക്കുന്ന അതിസങ്കീർണ്ണ സാഹചര്യത്തിൽ സംജാതമായിരിക്കുന്ന ഭിന്നതയുടെയും ഉതപ്പിന്റെയും എതിർസാക്ഷ്യങ്ങളുടെയും പശ്ചാത്തലത്തിൽ ഇത് നിസംശയമാണ്.

നിങ്ങളുടെ വിശ്വസ്തയിലും അനുസരണത്തിലും വിശ്വാസമർപ്പിച്ചുകൊണ്ടും തിരുപ്പട്ടവേളയിൽ എടുത്ത പ്രതിജ്ഞയെ സവിശേഷമായി ഓർമ്മിപ്പിച്ചുകൊണ്ടും നിങ്ങളെല്ലാവരുടെയുംമേൽ കർത്താവിന്റെ അനുഗ്രഹം ഞാൻ പ്രാർത്ഥിക്കുന്നു. ദയവായി, എനിക്കുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കുമല്ലോ.

Francis

ഫ്രാൻസിസ്

റോമിലെ ലാറ്ററൻ ബസിലിക്കയിൽനിന്ന്
25 മാർച്ച് 2022
നമ്മുടെ കർത്താവിന്റെ മംഗളവാർത്ത തിരുനാൾ

NB: ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കെഴുതിയ ഇടയലേഖനത്തിന്റെ സ്വതന്ത്ര പരിഭാഷ.